ലഭിച്ച ശേഷം ആയത് വിശദമായി പരിശോധിച്ച് അനുയോജ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. എത്രയും വേഗം കിർത്താഡ്സിന്റെ റിപ്പോർട്ട് കിട്ടാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(2) ആദിവാസി യുവതിയെ മോഷണക്കുറ്റം ആരോപിച്ച് പോലീസ് കസ്റ്റഡിയിലെടുത്ത് മർദ്ദിച്ചതു സംബന്ധിച്ച്

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ആദിവാസിയും വിധവയുമായ അമ്പലക്കുന്ന് സരോജിനി എന്ന സാധു യുവതിയെ മോഷണക്കുറ്റം ചുമത്തി ബാലുശ്ശേരി പോലീസ് കസ്റ്റഡിയിലെടുത്ത് നഗ്നയാക്കി മർദ്ദിച്ച സംഭവമുണ്ടായി. ഒരു ഓപ്പറേഷനെത്തുടർന്ന് വയറ്റിലുണ്ടായിരുന്ന മുറിവ് പഴുത്ത് വേദന അനുഭവിക്കുന്ന ആദിവാസി യുവതി ജനുവരി 13-ന് ബാലുശ്ശേരി ഹെൽത്ത് സെന്ററിൽ ചികിൽസക്ക് എത്തിയതായിരുന്നു. കൂടെ രണ്ടു വയസ്സ് പ്രായമുള്ള ഒരു കുട്ടി മാത്രമാണ് ഉണ്ടായിരുന്നത്. ആശുപത്രിയിൽ ചികിൽസക്കുവേണ്ടി ക്യൂ നിൽക്കുമ്പോൾ അടുത്തുണ്ടായിരുന്ന ഒരു സ്ത്രീയുടെ കുട്ടിയുടെ കഴുത്തിലുണ്ടായിരുന്ന സ്വർണ്ണമാല മോഷ്ടിക്കപ്പെട്ടു എന്ന കുറ്റം ചുമത്തിയാണ് യുവതിയെ കസ്റ്റഡിയിലെടുത്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിച്ചത്. ഇത് ഹൃദയഭേദകമായ ഒരു സംഭവമാണ്. യുവതി മർദ്ദനമേറ്റ് പിടഞ്ഞപ്പോൾ കൂടെയുണ്ടായിരുന്ന കുഞ്ഞ് ആർത്തലച്ച് കരയുകയുണ്ടായി. ഈ സന്ദർഭത്തിൽ കുഞ്ഞിനെ പാഴ് വസ്തുക്കൾ ഇടുന്ന മുറിയിൽ അടച്ചിടുകയാണ് പോലീസ് ചെയ്തത്. ആർത്തലച്ച് കരയുന്ന കുട്ടിക്ക് മുല കൊടുക്കുന്നതിനുപോലും ഈ സ്ത്രീയെ പോലീസുകാർ അനുവദിച്ചില്ല. പരിശോധന എന്ന പേരിൽ വസ്ത്രങ്ങളെല്ലാം പറിച്ചെറിയുകയുണ്ടായി. പരിഷ്കൃത സമൂഹം എന്നുള്ള നിലയിൽ സംസ്ഥാനത്തുണ്ടാകാൻ പാടില്ലാത്ത ഒരു സംഭവമാണിത്. ഈ സത്രീ മർദ്ദനമേറ്റ് പിടഞ്ഞു. അവസാനം നഗ്നയാക്കിയ സ്ത്രീയെ പരിശോധിക്കാനെന്ന പേരിൽ കയ്യുറയിട്ട് ഗുഹ്യഭാഗത്തുപോലും പരിശോധന നടത്തുന്ന വളരെ പ്രാകൃതമായ ഒരു സംഭവമുണ്ടായി. അതിനുശേഷം പോലീസുകാർ ചെയ്തത്, പോലീസ് സ്റ്റേഷനിൽ നിന്ന് അവരെ വാഹനത്തിൽ കയറ്റിയിട്ട് ബാലുശ്ശേരി ആശുപത്രിയുടെ പരിസരത്ത് രാത്രി സമയത്ത് കൊണ്ടുവിട്ടു. അവരെ ആശുപത്രിയിലാക്കുന്നതിനോ ചികിൽസിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. അവസാനം ഈ സ്ത്രീ തനിച്ച് ആശുപത്രിയിൽ പോയി ഡോക്ടറെ കാണുകയും ഡോക്ടർ മരുന്ന് കൊടുത്ത് വിടുകയും ചെയ്തു. ഈ സ്ത്രീയെ പിന്നീട് അവർ താമസിക്കുന്ന ചെങ്കോട്ടക്കൊല്ലി കോളനിയിൽ കൊണ്ടുവിട്ടു. ചെങ്കോട്ടക്കൊല്ലി കോളനി മുതുകാടാണ്. ചക്കിട്ടപ്പാറ പഞ്ചായത്തിലാണ്. അവിടെയെത്തിച്ചേർന്നിട്ടുള്ള ഈ സ്ത്രീയെ അവിടെയുള്ള ജനപ്രതിനിധികളും നാട്ടുകാരും ചേർന്ന് പിറ്റേ ദിവസം (ജനുവരി 13-നാണ് സംഭവം.), അതായത് 14-ാം തീയതി മാവിലെ പേരാമ്പ്ര ഹെൽത്ത് സെന്ററിൽ പ്രവേശിപ്പിക്കുകയുണ്ടായി. ഞാൻ ആ സ്ത്രീയെ പോയി കണ്ടു. ഞാൻ ഡോക്ടറോടു സംസാരിച്ചു. ആ സ്ത്രീക്ക് മർദ്ദനമേറ്റതായി ഡോക്ടർ പറയുകയുണ്ടായി. ഇത് അത്യന്തം പ്രാകൃതമായിട്ടുള്ള ഒരു നിലപാടാണ്. ഈ സംഭവത്തെ സംബന്ധിച്ച് ഗൗരവമായ അന്വേഷണം നടത്തുകയും ഇത്തരമൊരു സാഹചര്യം കേരളത്തിൽ തുടർന്ന് ആവർത്തിക്കാത്ത നിലയിൽ കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കത്തക്ക രീതിയിലുള്ള സമീപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കുകയും ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഒരു മോഷണക്കേസുമായി ബന്ധപ്പെട്ടാണ് സരോജിനിയെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയത്. ഏതു കേസ്സിൽ പ്പെട്ടതാണെങ്കിലും പോലീസ് പാലിക്കേണ്ട ചില മര്യാദകളും ചില നടപടിക്രമങ്ങളും ഉണ്ട്. അതു പാലിച്ചിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ശരിയാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച്, ബന്ധപ്പെട്ട ഹെഡ് കോൺസ്റ്റബിളിനെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തു. അന്ന് ഡ്യൂട്ടിയിൽ ആയിരുന്ന വനിതാ സബ് ഇൻസ്പെക്ടർക്കെതിരേ അച്ചടക്ക നടപടി ശുപാർശ ചെയ്തിരിക്കുകയാണ്. ഈ കാര്യത്തിൽ അന്വേഷണം നടത്തി ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കും.

(3) ചെങ്ങന്നൂരിൽ അഡീഷണൽ സബ്കോർട്ട് പ്രവർത്തനം ആരംഭിക്കണമെന്ന ആവശ്യം

ശ്രീമതി ശോഭനാ ജോർജ്ജ്: സർ, ആലപ്പുഴയിൽ നിർത്തലാക്കിയ അഡീഷണൽ സബ് കോടതി ചെങ്ങന്നൂരിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി ഉണ്ടാകണം. സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയുമില്ലാതെ തന്നെ ചെങ്ങന്നൂരിൽ ഈ കോടതി പ്രവർത്തിക്കാൻ കഴിയും. ചെങ്ങന്നൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി നമ്പർ-II ഇവിടെ നിന്ന് മാറ്റുന്നതിനുള്ള നീക്കം അവസാനിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. പൗരാണിക കാലം മുതൽ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന മൂന്ന് കോടതികളും നിലനിർത്തുകയും പുതിയതായി അഡീഷണൽ കോടതി ആരംഭിക്കുകയും ചെയ്യുന്നതിന് ദയവായി ഉത്തരവുകൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ചെങ്ങന്നൂരിൽനിന്ന് ഒരു കോടതിയും മാറ്റുന്ന പ്രശ്നമില്ല. പക്ഷേ പുതിയ കോടതി അനുവദിക്കുന്നതു സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് ഹൈക്കോടതിയാണ്. ഹൈക്കോടതിയുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന മുൻഗണനാ ലിസ്റ്റിൽ ചെങ്ങന്നൂരില്ല. ഹൈക്കോടതി ശുപാർശ ചെയ്താൽ ഗവൺമെന്റ് ഈ കാര്യം പരിശോധിക്കാം.

(4) നടക്കാവ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെടുത്തി വെള്ളയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച്

ശ്രീ. എ. സുജനപാൽ: സർ, കോഴിക്കോട് നഗരത്തിലെ തീരപ്രദേശങ്ങളായ തോപ്പയിൽ, പുതിയകടവ്, പുതിയാപ്പ, വെള്ളയിൽ തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ വെള്ളയിൽ സ്ഥാപിക്കണമെന്നുള്ളതാണ് ആവശ്യം. ഇത് വളരെക്കാലമായി നിലവിലുള്ള ആവശ്യമാണ്. നിരന്തരമായിട്ടുള്ള ക്രമസമാധാന പ്രശ്നം ഉണ്ടാകുന്ന ഒരു സ്ഥലമാണിത്. അടുത്ത കാലത്ത് വർഗ്ഗീയ സംഘർഷങ്ങൾവരെ അവിടെയുണ്ടായി. തീരപ്രദേശത്തുള്ള ഒരു ചേരിപ്രദേശമായ ബംഗ്ലാദേശ് കോളനിയിൽ ഈയിടെ മയക്കുമരുന്ന് മാഫിയയുടെ പ്രവർത്തനം പോലീസ് തന്നെ കണ്ടെത്തുകയുണ്ടായി. അതിനെത്തുടർന്ന് പോലീസ് പോസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly